# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 841 29.09.2016-ലെ മറുപടിക്ക്

### ഹയർസെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2013 വരെ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര കൊമേഴ്സ് ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്നും, ഇവരുടെ ജില്ല തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം, സ്കൂളുകളുടെ പേര്, മേൽവിലാസം എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | 2014-15, 2015-2016 എന്നീ അദ്ധ്യയന വർഷങ്ങളിലായി കേരളത്തിൽ അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിൽ 76/2016/G.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഇല്ല. ഹയർ സെക്കന്ററി അധ്യാപകരുടെ ജോലിഭാരം പുനരവലോകനം ചെയ്തശേഷം ആവശ്യമായ തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തിക്കൊണ്ടുളള ഹയർ സെക്കന്ററി ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുളളൂ. |
| (സി) | നിലവിൽ ഹയർസെക്കണ്ടറി വകുപ്പിൽ എത്ര കൊമേഴ്സ് (സീനിയർ/ജൂനിയർ) അദ്ധ്യാപക ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ; | (സി) | ജൂനിയർ തസ്തികയിൽ 26 ഒഴിവുകളും സീനിയർ തസ്തികയിൽ 07 ഒഴിവുകളും നിലവിലുണ്ട്. ജൂനിയർ തസ്തികയിൽ 16 ഒഴിവുകൾ തസ്തികമാറ്റ നിയമനങ്ങൾക്കായി മാറ്റി വച്ചിട്ടുണ്ട്. ബാക്കിയുളള 10 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | 24.3.2015, 31.12.2015, 5.2.2016 എന്നീ തീയതികളിലായി പി.എസ്.സി അഡ്വൈസ് ചെയ്ത കൊമേഴ്സ് (സീനിയർ/ജൂനിയർ )അദ്ധ്യാപകരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | 350 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിക്കാത്ത എത്ര പേർ ഉണ്ടെന്നും ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് വീണ്ടും റിപ്പോർട്ട് ചെയ്തോയെന്നും വെളിപ്പെടുത്താമോ; റിപ്പോർട്ട് ചെയ്തെങ്കിൽ തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ; | (ഇ) | എല്ലാ ഒഴിവുകളും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>1. 40-NJD ഒഴിവുകൾ Ad. B3/608/HSE/09 dated 11.09.2013.<br>2. 21-NJD ഒഴിവുകൾ Ad. B3/608/HSE/09 dated 18.10.2015.<br>3. 3-NJD ഒഴിവുകൾ Ad. B3/608/HSE/09 dated 14.12.2015.<br>4. 3-NJD ഒഴിവുകൾ Ad. B3/608/HSE/09 dated 31.12.2015.<br>5. 6-NJD ഒഴിവുകൾ Ad. B3/608/HSE/09 dated 04.06.2016.<br>6. 1-NJD ഒഴിവുകൾ Ad. B3/31040/HSE/09 dated 03.08.2016.<br>7. 2-NJD ഒഴിവുകൾ Ad. B3/31040/HSE/09 dated 29.08.2016.<br>8. 2-NJD ഒഴിവുകൾ Ad. B3/31040/HSE/09 dated 07.09.2016. |
| (എഫ്) | അഡ്വൈസ് ചെയ്ത പ്രകാരം ജോലിയിൽ പ്രവേശിച്ചതിന് ശേഷം റിലീവ്/റിസൈൻ ചെയ്ത എത്രപേർ ഉണ്ടെന്ന് വിശദമാക്കുമോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തോ; തീയതിയും ഫയൽ നമ്പരും വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |
| (ജി) | 28-9-2015-ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 4 കൊമേഴ്സ് (സീനിയർ) എൻ.ജെ.ഡി. ഒഴിവുകൾ പ്രകാരം എത്ര അദ്ധ്യാപകർ നിലവിൽ ജൂനിയർ കൊമേഴ്സ് അദ്ധ്യാപകരായിരുന്നു എന്ന് വിശദമാക്കുമോ; ഇവർ ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും റിലീവ് ചെയ്തതുവഴി ഉണ്ടായ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തോ; എങ്കിൽ തീയതി /ഫയൽ നമ്പർ എന്നിവ വ്യക്തമാക്കുമോ? | (ജി) | പി.എസ്.സി അഡ്വൈസ് ചെയ്ത 4 കൊമേഴ്സ് സീനിയർ അധ്യാപകരിൽ 3 പേർ ജൂനിയർ കൊമേഴ്സ് അധ്യാപകരാണ് അവരിൽ 2 പേരുടെ NJD പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരാളുടെ റിലീവിങ്ങിനെ സംബന്ധിച്ച പ്രിൻസിപ്പാളിൽ നിന്ന് റിപ്പോർട്ട് ലഭ്യമായാലുടൻ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.<br>Ad. B3/608/HSE/09 dated 04.06.2016.<br>Ad.B3/31040/HSE/09 dated 03.08.2016. |

സെക്ഷൻ ഓഫീസർ.